**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3117** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനിതാ സംരംഭകർക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **null**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വനിതാ സംരംഭകർക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | യുവതീശാക്തീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഒരെണ്ണം വീതവും കോർപ്പറേഷനിൽ രണ്ട് വീതവും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'അവളിടം' - voice of young women - എന്ന പേരിൽ 1,040 യുവതീക്ലബ്ബുകൾ രൂപീകരിച്ചു വരുന്നു. നിലവിൽ 704 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകളെ സ്വയംപര്യാപ്തരാക്കുന്നതിനായി തയ്യൽ, ഡി.റ്റി.പി, മൊബൈൽ റിപ്പയറിംഗ്, മാസ്ക്ക് നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം, കേക്ക് നിർമ്മാണം, ആഭരണനിർമ്മാണം, എംബ്രോയിഡറി എന്നീ പരിശീലനങ്ങൾ യുവതീ ക്ലബ്ബുകൾ മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ 1,294 യുവതികൾക്ക് കേക്ക് നിർമ്മാണത്തിലും 672 യുവതികൾക്ക് ആഭരണ നിർമ്മാണത്തിലും പരിശീലനം നൽകിവരുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ? | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ